## യൂണിറ്റ് രണ്ട്
## കുട്ടിപ്പുര

**പഠന ലക്ഷ്യങ്ങൾ**

**മലയാളം**

1. സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നു.
2. കഥയുടെ തുടർച്ച കഥാംശം ചോർന്നു പോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു.
3. ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം /കഥ എന്നിവ തന്റേതായ രീതിയിൽ എഴുതുന്നു.

**പരിസരപഠനം :**

1. വീടുകളുടെ സവിശേഷതകൾ, സാമ്യവ്യത്യാസങ്ങൾ എന്നിവ കണ്ടെത്തി പറയുന്നു.
2. വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു, എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നു.
3. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ വേണമെന്ന മനോഭാവം വളരുന്നു.

**ആവശ്യമുള്ള സാമഗ്രികൾ :**

ക്രയോൺസ്, പേപ്പർ

**പ്രതീക്ഷിത സമയം:** 10 മണിക്കൂർ

അധ്യാപിക സചിത്രപുസ്തകത്തിലെ ഒന്നാമത്തെ ചിത്രം കാണിക്കുന്നു.

**ചിത്രവായനയും ചോദ്യോത്തരകേളിയും**

കുട്ടികൾ രണ്ട് ഗ്രൂപ്പുകളാകുന്നു. ചിത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരീക്ഷിച്ച് ഗ്രൂപ്പിൽ പങ്കുവെക്കുന്നു. രൂപീകരിച്ച ആശയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കുന്നു. ഗ്രൂപ്പുകൾ തമ്മിൽ ചോദ്യോത്തരക്കേളി നടത്തുന്നു. പിന്തുണ ആവശ്യമെങ്കിൽ ടീച്ചർക്ക് ചോദ്യങ്ങളുടെ മാതൃക ശ്രദ്ധയിൽപ്പെടുത്താം (ചിത്രത്തിൽ ആരൊക്കെ? വണ്ട് എന്തായിരിക്കും ചിന്തിക്കുന്നത്?)
സചിത്ര പുസ്തകത്തിൽ നൽകിയ ഖണ്ഡിക കുട്ടികൾ വായിക്കുന്നു.
കഥ വായിച്ചല്ലോ. ഇനി ഉത്തരം എഴുതാം.


**ചോദ്യങ്ങൾ**

1. ചിത്രത്തിൽ പറന്നുവരുന്നത് ആരാണ്?
2. വണ്ടിന്റെ പേരെന്താണ്?
3. മിത്രൻവണ്ട് എന്താണ് കണ്ടത്?
4. മിത്രൻ എന്താണ് തീരുമാനിച്ചത്?
5. മിത്രൻവണ്ട് കലത്തിനകത്ത് താമസിക്കുന്നത് ആരൊക്കെയാണ് കണ്ടത്?

കുട്ടികൾ പറയുന്ന വാക്യങ്ങൾ സ്വയം എഴുതുവാൻ അവസരം നൽകുന്നു. സചിത്രപ്രവർത്തനപുസ്തകം പരസ്പരം കൈമാറി കുട്ടികൾ വിലയിരുത്തുന്നു. ടീച്ചറുടെ പിന്തുണാ നടത്തത്തിനിടയിൽ പിന്തുണാപുസ്തകത്തിൽ ശരിയായി എഴുതി കുട്ടിയെ സഹായിക്കുന്നു. (അധ്യാപികയുടെ കയ്യിൽ സൂക്ഷിക്കുന്ന നോട്ട്ബുക്കാണ് പിന്തുണാപുസ്തകം. ഇതിൽ ഓരോ കുട്ടിക്കും ഏതാനും പേജുകൾ നീക്കി വച്ചിരിക്കുന്നു. കുട്ടിക്ക് കൂടുതൽ പിന്തുണ നൽകേണ്ട കാര്യങ്ങൾ രക്ഷിതാക്കളുമായി പങ്കുവെക്കുവാനും പിന്തുണാപുസ്തകം ഉപയോഗിക്കാം.)

**ഫ്രെയിം 1**

***വണ്ട്.***
***മിത്രൻവണ്ട്.***
***കലം കണ്ടു.***
***കലം വീടാക്കിയാലോ?***
***കിളികളും ഉറുമ്പുകളും വീട് കണ്ടു.***



പേജ് 27

ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ രൂപീകരിച്ച പാഠം ഏതാനും കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു. എല്ലാവരും ചേർന്ന് വായിക്കുന്നു. ടീച്ചർ വീണ്ടും ചോദ്യങ്ങൾ ഉന്നയിക്കുന്നു അധ്യാപിക നിർദ്ദേശിക്കുന്ന കുട്ടികൾ ഉത്തരങ്ങൾ പറഞ്ഞുകൊണ്ട് ബോർഡിൽ എഴുതുന്നു. അക്ഷരത്തെറ്റില്ലാതെ വാക്കകലം, വരിയകലം, വടിവ് എന്നിവ പാലിച്ചാണ് എഴുതുന്നതെന്ന് മറ്റുള്ളവർ വിലയിരുത്തുന്നു.

എഴുത്ത് പൂർത്തിയായശേഷം വിവിധ തന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.

- സന്നദ്ധവായന (വായിക്കാൻ സ്വയം തയ്യാറായി വരുന്ന കുട്ടിക്ക് അവസരം നൽകൽ)
- തൊട്ടു വായന (ടീച്ചർ തൊട്ടുകാണിക്കുന്ന ഭാഗം വായിക്കൽ)
- ക്രമവായന
- ക്രമരഹിതമായ വായന (താഴെ നിന്ന് മുകളിലേക്ക് വായന, മധ്യഭാഗത്ത് നിന്ന് താഴേക്ക് അല്ലെങ്കിൽ മുകളിലേക്ക് വായിക്കുന്നു)

അധ്യാപിക കുട്ടികളുടെ പുസ്തകം പരിശോധിക്കുന്നു. ഉചിതമായ തന്ത്രങ്ങൾ ഉപയോഗിച്ച് എഡിറ്റിംഗ് നടത്തുന്നു.

**ചിത്രം 2**

ചിത്രം നോക്കൂ.

സചിത്രപുസ്തകത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം പൂർത്തിയാക്കുന്നു.

**ത്ര** എന്ന അക്ഷരം വരുന്ന വാക്കുകൾ പറയാനും എഴുതാനുമുള്ള അവസരം നൽകുന്നു. (രാത്രി, സൂത്രം)

മൂന്നാമത്തെ ചിത്രത്തിനോടൊപ്പമുള്ള ആഖ്യാനം വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു .

നല്ല ക്ഷീണം.
മിത്രൻ ഉറങ്ങാൻ തീരുമാനിച്ചു.
ഉറക്കത്തിൽ ഒരു ശബ്ദം കേട്ടു.
വീടിളകുന്നതുപോലെ.
ഭൂമികുലുക്കമാണോ?
മിത്രൻ പുറത്തേക്കു നോക്കി.
അതാ ഒരു വാല് ....

ശബ്ദം കേട്ട് പുറത്തേക്കുവന്ന മിത്രൻവണ്ട് എന്തൊക്കെയാവും പറഞ്ഞിട്ടുണ്ടാവുക?

**നീ ആരാ?**
**നീ എന്തിനാ വന്നത്?**

ചിത്രത്തിലെ സംഭാഷണക്കുമിളയിൽ കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. വായിക്കാൻ അവസരം നൽകുന്നു. അധ്യാപികയുടെ പിന്തുണാനടത്തം, പിന്തുണാപുസ്തകത്തിന്റെ ഉപയോഗം.

ആരായിരിക്കും വന്നിട്ടുണ്ടാവുക?

നമുക്ക് നോക്കാം. കുട്ടികൾക്ക് കളർ പേപ്പർ നൽകുന്നു. എലിയുടെ ഒറിഗാമി രൂപം തയ്യാറാക്കുന്നു. സചിത്രപുസ്തകത്തിലെ നിശ്ചിതസ്ഥാനത്ത് ഒട്ടിക്കുന്നു. കുഞ്ചനെലിക്ക് വീട് ഇഷ്ടമായി. വീട് തനിക്ക് വേണമെന്ന് അവനു തോന്നി. എങ്കിൽ എലി എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

**എലി-** **ഞാനാ കുഞ്ചനെലി**
**എനിക്ക് ഈ വീട് വേണം.**

മിത്രന് കുഞ്ചനെലി പറഞ്ഞത് ഇഷ്ടപ്പെട്ടില്ല. അവൻ എന്തു പറഞ്ഞിട്ടുണ്ടാവും?

**മിത്രൻ - അത് പറ്റില്ല**

എലിക്ക് ദേഷ്യം വന്നു. അവൻ എന്തു പറഞ്ഞുകാണും?

**എലി - എന്നാൽ ഞാൻ കലമുരുട്ടും.**

(സംഭാഷണക്കുമിളയിൽ എഴുതുന്നു. തുടർന്ന് കഥയുടെ ബാക്കി ഭാഗം കുട്ടികൾ വായിക്കുന്നു)

എലി കലം തള്ളിയുരുട്ടാൻ നോക്കി. മരക്കൊമ്പത്തെ കിളിക്കുഞ്ഞുങ്ങൾ അമ്മയോടു പറഞ്ഞു "പാവം മിത്രൻ". അമ്മക്കിളി പറന്നുവന്ന് കുഞ്ചനെലിക്ക് നല്ല ടിഷ്യൂം...ടിഷ്യൂം... എലി ജീവനും കൊണ്ടോടി.

**ഫ്രെയിം 2**

കുഞ്ഞിക്കിളി അമ്മക്കിളിയോടു ചോദിച്ചു.

നമ്മുടെ വീടുപോലെയല്ലല്ലോ മിത്രൻ വണ്ടിന്റെ വീട്. അതുപോലെയാണോ എലിയുടെ വീട്?

അല്ല. എലി താമസിക്കുന്നത് മാളത്തിലാണ്.

അപ്പോൾ മനുഷ്യരോ?

അധ്യാപിക പാഠപുസ്തകത്തിലെ വീടുകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു.

**ചിത്രവായന**

ഏതൊക്കെ തരത്തിലുള്ള വീടുകളാണുള്ളത്?

**ഫ്രെയിം 3**

**ഓലമേഞ്ഞ വീട്**
**ഓടുമേഞ്ഞ വീട്**
**വാർപ്പ് വീട്**
**ഫ്ളാറ്റുകൾ**

കുട്ടി സ്വന്തം വീട് വരച്ച് വീടിനെക്കുറിച്ചെഴുതുന്നു.

വീട് എന്തിൽ നിന്നൊക്കെയാണ് നമ്മളെ രക്ഷിക്കുന്നത്?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം. സ്വന്തം വീടിന്റെ വിവരണത്തിന് ശേഷം താഴെയുള്ള ഭാഗം കൂട്ടിച്ചേർക്കുന്നു.

**ഫ്രെയിം 4**

**മഴ നനയാതിരിക്കാൻ വീട് വേണം**
**മഞ്ഞു കൊള്ളാതിരിക്കുവാൻ വീടുവേണം.**
**വെയിലേൽക്കാതിരിക്കുവാൻ വീടുവേണം.**
**വീട് നല്ല വീട്.**

സാവിത്രിക്കുട്ടിയുടെ ചിത്രത്തിന് നിറം നൽകിയശേഷം അവളുടെ പേര് കളത്തിൽ എഴുതുന്നു.
ः.

**റീഡേഴ്സ് തീയേറ്റർ**

(റീഡേഴ്സ് തീയേറ്ററിന്റെ സാധ്യതകൾ ഉപയോഗിച്ച് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു)

- പാഠഭാഗം വായിച്ച് സംഭാഷണത്തിനുള്ള സ്ക്രിപ്റ്റ് കുട്ടികൾ ഗ്രൂപ്പിൽ തയ്യാറാക്കുന്നു.
- മെച്ചപ്പെടുത്തി സചിത്രപുസ്തകത്തിൽ എഴുതുന്നു.
- അവതരിപ്പിക്കുന്നു.

**അധ്യാപികയുടെ വിലയിരുത്തൽ**

ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നുണ്ട്.

കഥാംശം ചോർന്നുപോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു.

കുട്ടിപ്പുര എന്ന പാഠത്തിലെ ***ആറു വയസ്സുള്ള സാവിത്രിക്കുട്ടി*** എന്നത് മുതൽ ***കുട്ടിപ്പുരയുടെ പണികിട്ടിയത് നന്നായി*** എന്ന ഭാഗം വരെ ടീച്ചർ വായിക്കുന്നു. (കഥാപാത്രങ്ങൾക്ക് യോജിച്ച ശബ്ദവ്യതിയാനം, ഉയർച്ച താഴ്ചകൾ, ഉചിതമായ ഭാവം തുടങ്ങിയവ വായനയിൽ പാലിക്കണം). ആശയഗ്രഹണത്തിനുള്ള ഇടപെടൽ ചോദ്യങ്ങൾ, ചങ്ങല വായന, വ്യക്തിഗതവായന എന്നിവയ്ക്ക് ശേഷം സചിത്ര പുസ്തകത്തിലെ നിശ്ചിതസ്ഥാനത്ത് കഥാപാത്രങ്ങളുടെ പേരും സംഭാഷണവും എഴുതി പൂർത്തിയാക്കണം.

| | | |
|---|---|---|
| സാവിത്രിക്കുട്ടി | : | പറയൂ അച്ഛാ ...... പറയൂ....... |
| അച്ഛൻ | : | വേലൂ... ഇതാ, ഈ കുട്ടിക്കേയ് ഒരു വാശി! ഒരു കുട്ടിപ്പുര പണിയണമത്രേ! |
| സാവിത്രിക്കുട്ടി | : | കുട്ടിപ്പുര മാത്രം പോരാ, അതിൽ ആളുകളും വേണം. |

| | | |
|---|---|---|
| വേലു | : | ആണുങ്ങളോ പെണ്ണുങ്ങളോ? |
| സാവിത്രിക്കുട്ടി | : | പെണ്ണുങ്ങൾ, ഒക്കെ പെണ്ണുങ്ങൾ.<br>മൂന്നു പെൺകുട്ടികൾ വേണം. പിന്നെ അച്ഛനും, അമ്മയും |
| വേലു | : | ശരി, സമ്മതിച്ചു . |
| സാവിത്രിക്കുട്ടി | : | എന്നേക്ക് പണി തീരും? |
| വേലു | : | ഒരാഴ്ച, ഏറിയാൽ പത്തു ദിവസം. |

അന്നു രാത്രി സാവിത്രിക്കുട്ടി ഒരു സ്വപ്നം കണ്ടു.

എന്തായിരിക്കും സ്വപ്നത്തിൽ?

വായിച്ചു നോക്കൂ..

കുട്ടികൾ പാഠഭാഗം വായിക്കുന്നു.

സ്വപ്നത്തിൽ കണ്ട വീട്ടിൽ ഏതെല്ലാം മുറികൾ ഉണ്ടായിരുന്നു?

കുട്ടികളുടെ പ്രതികരണം.

സചിത്രപുസ്തകത്തിലെ ചിത്രങ്ങൾക്കു താഴെ അവയുടെ പേരും ഉപയോഗവും കുട്ടികൾ എഴുതുന്നു.

അധ്യാപിക പിന്തുണ ആവശ്യമുള്ളവരെ സഹായിക്കുന്നു.

**കുട്ടിപ്പുര നിർമ്മാണം**

പാഠ ഭാഗത്തിലെ പ്രവർത്തനങ്ങൾക്ക് ശേഷം കുട്ടിപ്പുര ഒറിഗാമി തയ്യാറാക്കി നിശ്ചിതസ്ഥാനത്ത് ഒട്ടിക്കുന്നു.

**വഴി കണ്ടെത്താം**

സാവിത്രിക്കുട്ടിയെ കുട്ടിപ്പുരയിലെത്തിക്കുന്നു.